**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 227** **12-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രവർഗ്ഗ മേഖലയിലെ എൻ.ജി.ഒ. കളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. പി.വി.അൻവർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ മേഖലകളിലെ സാമ്പത്തിക സാമൂഹിക പിന്നാക്കാവസ്ഥയും ഒറ്റപ്പെടലും അവസരമാക്കി ചിലയിടങ്ങളിൽ തീവ്രവാദ പ്രസ്ഥാനങ്ങളും എൻ.ജി.ഒ. കളെ മുന്നിൽ നിർത്തി വർഗ്ഗീയ സംഘടനകളും ദുരുദ്ദേശ്യത്തോടെ കടന്നുകയറാൻ ശ്രമിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗോത്രവർഗ്ഗങ്ങളിൽപ്പെട്ടവരുടെ അഭിപ്രായവും താല്പര്യവും പരിഗണിച്ചുകൊണ്ട് വികസന ക്ഷേമ പദ്ധതികൾക്ക് രൂപം നൽകി അവ കാര്യക്ഷമമായി നടപ്പിലാക്കാൻ നടപടിയെടുക്കുമോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ മേഖലകളിൽ സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാലുണ്ടായ പിന്നാക്കാവസ്ഥ അവസരമാക്കി ദുരുദ്ദേശത്തോടെ പ്രവർത്തിക്കുന്ന സംഘടനകളെ ചെറുക്കുന്നതിനും പട്ടികവർഗ്ഗക്കാരെ സർക്കാർ സംവിധാനങ്ങളിലേയ്ക്ക് കൂടുതൽ അടുപ്പിക്കുന്നതിനും വിവിധങ്ങളായ പ്രവർത്തനങ്ങൾ സർക്കാർ നടത്തിവരുന്നുണ്ട്. പട്ടികവർഗ്ഗ പ്രദേശങ്ങളിൽ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി സമസ്ത മേഖലകളിലും പട്ടികവർഗ്ഗ വികസന വകുപ്പും മറ്റ് സർക്കാർ വകുപ്പുകളും കാര്യക്ഷമമായി ഇടപെടുന്നുണ്ട്. ഉന്നത വിദ്യാഭ്യാസം, അടിസ്ഥാന സൗകര്യ വികസനം എന്നിവ ലക്ഷ്യമിട്ട് സാമൂഹ്യ പഠനമുറികൾ, അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി മുതലായ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പ്രാദേശികമായും സൂക്ഷ്മതലത്തിലും പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ട്രൈബൽ സബ് പ്ലാൻ ഫണ്ടുകൾ വിനിയോഗിച്ചുവരുന്നുണ്ട്. സർവേ നടത്തി മൈക്രോ ലെവൽ പ്ലാനിംഗിലൂടെ ഓരോ കുടുംബത്തിന്റെയും സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള പദ്ധതികൾ ആവിഷ്കരിക്കാനുള്ള നടപടികളാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. |
| (ബി) | ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ഫലപ്രദമാക്കാൻ ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 14-ാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായുള്ള ആസൂത്രണ വികസന പ്രവർത്തനങ്ങൾക്ക് പ്രാരംഭം കുറിച്ചിട്ടുണ്ട്. അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീ യുവാക്കളെ എസ്.റ്റി പ്രൊമോട്ടർമാരായി നിയോഗിച്ച് വിവിധ വകുപ്പുകൾ പട്ടികവർഗ്ഗ മേഖലയിൽ നടത്തുന്ന വികസന പ്രവർത്തനങ്ങളുടെ |

| | | | |
|---|---|---|---|
| | | | സംയോജന സാധ്യത മനസ്സിലാക്കി പങ്കാളിത്ത ആസൂത്രണം, സൂക്ഷ്മതല ആസൂത്രണം എന്നിവ നടപ്പാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഊരുകൂട്ടങ്ങളെ പ്രാദേശിക മോണിറ്ററിംഗിന് സമിതികളായും സോഷ്യൽ ഓഡിറ്റിംഗ് സമൂഹമായും ശാക്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലയുടെ സഹകരണത്തോടെ പരിശീലനം നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | എച്ച്.ആർ.ഡി.എസ്. എന്ന എൻ.ജി.ഒ. അട്ടപ്പാടിയിൽ ഭവനരഹിതരായ ഗ്രോത്രവർഗ്ഗക്കാർക്ക് വാസയോഗ്യമല്ലാത്ത വീട് നൽകി കബളിപ്പിച്ചെന്നും അവരുടെ ഭൂമി അനധികൃതമായി കൈയ്യേറിയെന്നും പരാതി ഉയരുന്ന സാഹചര്യത്തിൽ എൻ.ജി.ഒ.കൾ പട്ടിക ഗോത്രവർഗ്ഗ വികസന വകുപ്പ് മുഖേനയോ സർക്കാരിന്റെ മുൻകൂർ അനുമതിയോ ഇല്ലാതെ നടത്തുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ നടപടിയെടുക്കുമോ; വ്യക്തമാക്കാമോ; | (സി) | നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ അനുമതിയില്ലാതെ അട്ടപ്പാടിയിൽ സർക്കാരിതര സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങൾ ഉടൻ നിർത്തിവെയ്ക്കാനും, ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുവാനും പട്ടികവർഗ്ഗ വികസന വകുപ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>അട്ടപ്പാടിയിൽ പുറമേ നിന്നുള്ള വ്യക്തികൾ, സംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിബന്ധനകൾ നിഷ്കർഷിച്ചുകൊണ്ട് ഒറ്റപ്പാലം സബ് കളക്ടർ പ്രത്യേകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. |
| (ഡി) | എച്ച്.ആർ.ഡി.എസ്.-നെതിരെ ഉയർന്ന പരാതിയിൽ കാര്യക്ഷമമായ അന്വേഷണം നടത്തുമോ; വ്യക്തമാക്കാമോ? | (ഡി) | എച്ച്.ആർ.ഡി.എസ് -നെതിരെ ലഭിച്ച പരാതിയിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.<br><br>കൂടാതെ, എച്ച്.ആർ.ഡി.എസ് -നെതിരെ ഉയർന്ന പരാതിയിൽ അന്വേഷണം നടത്തി നടപടി കൈക്കൊള്ളുന്നതിലേക്കായി അട്ടപ്പാടി നോഡൽ ഓഫീസറായ ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് പാലക്കാട് ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ